LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ജെയ്നി ജേക്കബ്ബിന്റെ നിയമനം

3(2905) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് മേഴ്സി കോളേജിൽ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വിഭാഗത്തിൽ പഠിപ്പിക്കുന്ന ശ്രീമതി ജെയ്നി ജേക്കബ്ബിന്റെ നിയമനം അംഗീകരിക്കുന്നതു സംബന്ധിച്ച് കോളേജ് മാനേജർ സമർപ്പിച്ച അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(ബി) നെറ്റ് യോഗ്യതയുള്ളവരുടെ അഭാവത്തിൽ നെറ്റ് യോഗ്യതയില്ലാത്തവരെ അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലേക്ക് നിയമനം നൽകുന്നതിന് അനുമതി നൽകണമെന്ന അപേക്ഷയിൽ അനുകൂല നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പാലക്കാട് മേഴ്സി കോളേജ് മാനേജർ സമർപ്പിച്ച അപേക്ഷ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിനായി അയച്ച് കൊടുത്തിട്ടുണ്ട്.

(ബി) യു.ജി.സി. നിഷ്കർഷിക്കുന്ന യോഗ്യതയിൽ ഇളവനുവദിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ

4(2906) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അനദ്ധ്യാപക തസ്തികയുടെ നിലവിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചത് എന്നാണെന്നു വിശദമാക്കാമോ ;

(ബി) കോളേജ് അദ്ധ്യാപകരുടെ എണ്ണത്തിലെ വർദ്ധനവിനനുസരിച്ച് അനദ്ധ്യാപക തസ്തികകളുടെ എണ്ണത്തിൽ കാലോചിതമായി മാറ്റം വരുത്തുന്നതിനു നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 6-12-1982-ലെ ജി.ഒ. (എം.എസ്) നമ്പർ 190/82/ഉ.വി.വ. പ്രകാരമാണ് കോളേജ് വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ അനദ്ധ്യാപക തസ്തികകളുടെ നിലവിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടുള്ളത്.